# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5444 — 31.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.ഒ. രാജഗോപാൽ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | 2013 ൽ പാസ്സാക്കിയ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടിയിരുന്നത് ? | (എ) & (ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-07-2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013 ലെ സ.ഉ.(കൈ) നം.53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിരുന്നില്ല.<br>i) അർഹരായ മുൻഗണന/ മുൻഗണനേതര കുടുംബങ്ങളെ കണ്ടെത്തൽ (identification of priority house holds),<br>ii) വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery)<br>iii) റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation)<br>iv) പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)<br>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം മുകളിൽ വിഭാവനം ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) | സർക്കാരിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിരുന്നോ ? എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ? | |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാർ കാലാവധി എത്ര തവണ നീട്ടി നൽകിയിരുന്നു ? നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ സംവിധാനം പരാജയപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ? | (സി) | കാലാവധി നീട്ടി നൽകിയിട്ടില്ല. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും സമയ ബന്ധിതമായി പൂർത്തിയാക്കി 01.04.17-ന് സംസ്ഥാനത്ത് സമ്പൂർണ്ണമായി ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ